# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-ഇ.കെ എം ബിപി,1003/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 30/09/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), എറണാകുളം
3. ഓഫീസ് കോപ്പി

നമ്പർ: കെ.എസ്.എ-ഇ.കെ എം ബിപി,1003/23 തീയ്യതി: 30/09/2023

# എറണാകുളം ജില്ലയിലെ പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ടി.എൽ.സാംകുട്ടി | ജോയിന്റ് ഡയറക്ടർ | 20-06-2023 | 30-06-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-06-2023 | 30-06-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1) ശ്രീമതി.കവിതാദേവി.വി, ഓഡിറ്റ് ഓഫീസർ,
2) ശ്രീ.സന്തോഷ് കുമാർ.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
3) ശ്രീമതി.വൃന്ദ.സി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ.ടി.വി.പ്രദീഷ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.ശങ്കരൻകുട്ടി.കെ.കെ | സെക്രട്ടറി | 01-04-2022 | 31-05-2022 |
| ശ്രീ.പ്രദീപ്കുമാർ.വി.എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2022 | 06-07-2022 |
| ശ്രീമതി.സാജിത.ടി.എസ് | സെക്രട്ടറി | 07-07-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സുരേഷ് കുമാർ.വി.കെ | പട്ടികജാതി വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.സൂസൻ പോൾ വിതയത്തിൽ | ശിശുവികസന പദ്ധതി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.സജീവ് കുമാർ.പി.ആർ | ക്ഷീരവികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.കെ.രാജേന്ദ്ര പ്രസാദ് | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2022 | 21-07-2022 |
| ശ്രീമതി.സാബിറ ബീവി.പി.എം | കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഇൻ ചാർജ്ജ് | 22-07-2022 | 29-09-2022 |
| ശ്രീ.കെ.രാജേന്ദ്ര പ്രസാദ് | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 30-09-2022 | 02-10-2022 |
| ശ്രീമതി.പുഷ്യാ രാജൻ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 03-10-2022 | 31-03-2023 |
| ഡോ.ടിന്റു സാറാ രാജു | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി ചെങ്ങമനാട് | 01-04-2022 | 17-07-2022 |
| ഡോ.പുഷ്പ.വി.വി | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി ചെങ്ങമനാട് | 18-07-2022 | 31-03-2023 |
| ശ്രീ.ജോബി.ടി.വൈ | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 08-03-2023 |
| ശ്രീ.മുഹമ്മദ് റഷീദ്.സി.എ | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 09-03-2023 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി.ബബിത.കെ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി.രാജി.സി.ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ തുകകളുടെ കൃത്യത പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ട്രയൽബാലൻസിന്റെ ക്ലോസ്സിങ്ങ് ബാലൻസിന്റെ ഒരേ ഹെഡുകളിൽ തന്നെ ക്രെഡിറ്റ് ബാലൻസും ഡെബിറ്റ് ബാലൻസും രേഖപ്പെടുത്തിയിരിക്കുന്നു. | 1-1-3 |
| 5 | അക്കൗണ്ട് ഹെഡ് 311100199-ബാധ്യത ഒഴിവാക്കിയ ചെലവ് രേഖകൾ ഹാജരാക്കിയില്ല. | 1-1-4 |
| 6 | അക്കൗണ്ട് ഹെഡ് 350100501- ബാധ്യതയായി കാണിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. | 1-1-5 |
| 7 | ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രൊഗ്രസ് മുൻബാക്കി ക്രമീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. | 1-1-6 |
| 8 | അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-1-7 |
| 9 | ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-1-8 |
| 10 | ധനകാര്യക്കമ്മീഷൻ വിഹിതം നീക്കിയിരിപ്പ് അതിനായുള്ള ബാങ്ക് അക്കൌണ്ടിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. | 1-1-9 |
| 11 | ഡിപ്രിസിയേഷൻ-written Back-വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. | 1-1-10 |
| 12 | തൻവർഷം വാങ്ങിയ വാഹനം ആസ്തിയിൽ ഉൾപെടുത്തിയില്ല. | 1-1-11 |
| 13 | ഇ-ടെണ്ടർ ഫോറത്തിന്റെ വില -ധനകാര്യപത്രികയിൽ ഉൾപെടുത്തിയില്ല. | 1-1-12 |
| 14 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-13 |
| 15 | പ്രയർ പിരിയ്ഡ് ഐറ്റംസ്സ്-(I-18)-വിശദാംശങ്ങൾ ലഭ്യമാക്കിയില്ല | 1-1-14 |
| 16 | ബജറ്റ് | 1-2 |
| 17 | സാമ്പത്തിക വിശകലനം | 1-3 |
| 18 | ഫണ്ട് വിനിയോഗം(ACR പ്രകാരം) | 1-4 |
| 19 | പദ്ധതി അവലോകനം | 1-5 |
| 20 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 21 | ക്ഷേമ പദ്ധതികൾ | 1-7 |
| 22 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 23 | ആഭ്യന്തരനിയന്ത്രണം | 1-9 |

| | | |
|---|---|---|
| 24 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 25 | ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കുന്ന വരവുകൾക്ക് രസീത് നൽകുന്നില്ല | 1-11 |
| 26 | വാടക ഈടാക്കിയതിൽ അപാകതകൾ | 1-12 |
| 27 | പുത്തൻവേലിക്കര താലൂക്കാശുപത്രിയിലേക്ക് മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല | 1-13 |
| 28 | ചെങ്ങമനാട് സി.എച്ച്.സി യിലേക്ക് മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല | 1-14 |
| 29 | സെക്കണ്ടറി പാലിയേറ്റീവ് കെയറിന് മരുന്ന് വാങ്ങൽ - KMSCL ന് നൽകേണ്ട തുക തെറ്റായി സപ്ലൈകോയ്ക്ക് നൽകി | 1-15 |
| 30 | കരാറടിസ്ഥാനത്തിലുള്ള ഡോക്ടർക്ക് അധിക വേതനം നൽകി | 1-16 |
| 31 | ഗുണഭോക്തൃ വിഹിതം ഈടാക്കിയിട്ടില്ല – പ്രോജക്ടിന്റെ അടങ്കൽ തുകയിൽ വ്യത്യാസം | 1-17 |
| 32 | സമൃദ്ധം- തരിശുരഹിത പാറക്കടവ് ബ്ലോക്ക് - പദ്ധതി നടത്തിപ്പിലെ അപാകത | 1-18 |
| 33 | പാറക്കടവ് കൃഷിഗ്രാമം - പൂർണ്ണവിവരങ്ങൾ ഹാജരാക്കിയില്ല | 1-19 |
| 34 | പഠനമുറി - പണി പൂർത്തിയായില്ല | 1-20 |
| 35 | വാട്ടർ എടിഎം - അപാകതകൾ | 1-21 |
| 36 | സെക്രട്ടറി നടപ്പാക്കിയ പദ്ധതികളിലെ പൊതു - അപാകതകൾ | 1-22 |
| 37 | ദുരന്തനിവാരണ സേന രൂപീകരണം - അപാകതകൾ | 1-23 |
| 38 | ഇ-ടെണ്ടർ ഫീസ് - തുക ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്തിട്ടില്ല | 1-24 |
| 39 | ബിറ്റുമിൻ കാലി ബാരൽ വില തനത് ഫണ്ടിൽ അടവാക്കുന്നു | 1-25 |
| 40 | ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി അപാകതകൾ | 1-26 |
| 41 | മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ | 1-27 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |

| | | |
|---|---|---|
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 31.05.2023 ലെ 3/1 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 7.06.2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പാറക്കടവ് ബ്ളോക്ക് പഞ്ചായത്തിന്റെ മാർച്ച്, 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2.C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : കാക്കനാട്

തീയതി : 26.08.2023 ജോയിന്റ് ഡയറക്ടർ

### 1-1-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്) പ്രകാരം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ബി1 ഷെഡ്യൂൾ പത്രിക ധനകാര്യപത്രികയോടൊപ്പം ലഭ്യമാക്കിയില്ല.

### 1-1-2 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ തുകകളുടെ കൃത്യത പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹2607725/-യാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹4848625/- യാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും സ്റ്റേറ്റ്മെന്റിലെ പ്രസ്തുത തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-1-3 ട്രയൽബാലൻസിന്റെ ക്ലോസ്സിങ്ങ് ബാലൻസിന്റെ ഒരേ ഹെഡുകളിൽ തന്നെ ക്രെഡിറ്റ് ബാലൻസും ഡെബിറ്റ് ബാലൻസും രേഖപ്പെടുത്തിയിരിക്കുന്നു.

ലഭ്യമാക്കിയ ട്രയൽബാലൻസിന്റെ ക്ലോസ്സിങ്ങ് ബാലൻസ് ഒരേ ഹെഡുകളിൽ തന്നെ ക്രെഡിറ്റ് ബാലൻസും ഡെബിറ്റ് ബാലൻസും രേഖപ്പെടുത്തിയിരിക്കുന്നു.

### 1-1-4 അക്കൗണ്ട് ഹെഡ് 311100199-ബാധ്യത ഒഴിവാക്കിയ ചെലവ് രേഖകൾ ഹാജരാക്കിയില്ല.

അക്കൗണ്ട് ഹെഡ് 311100199 പ്രകാരം മുൻബാക്കി ₹15000/- യുടെ ബാധ്യത ഒഴിവാക്കിയതായി കാണുന്നു. കില പരിശീലന പരിപാടിയ്ക്കായി ലഭിച്ച തുകയാണ് എന്നറിയിച്ചു. ചെലവ് രേഖകൾ ഹാജരാക്കേണ്ടതും വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

### 1-1-5 അക്കൗണ്ട് ഹെഡ് 350100501- ബാധ്യതയായി കാണിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

അക്കൗണ്ട് ഹെഡ് 350100501, Elected Representatives Control Account എന്ന ഹെഡിൽ ₹28000/- ബാധ്യതയായി കാണിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. ഈ തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണോ എന്ന് പരിശോധിച്ച് അറിയിക്കേണ്ടതാണ്.

### 1-1-6 ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രൊഗ്രസ് മുൻബാക്കി ക്രമീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രൊഗ്രസ് (അക്കൗണ്ട് ഹെഡ് 412010101) മുൻബാക്കി ₹28605670/- തൻവർഷം മറ്റു അക്കൗണ്ടുകളിലേക്ക് മാറ്റിയിട്ടുള്ളതായി കാണുന്നു. ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രൊഗ്രസ് തുക പ്രവൃത്തി പൂർത്തീകരണശേഷം ക്യാപിറ്റൽ കോൺട്രിബ്യൂഷനിലേയ്ക്കാണ് മാറ്റേണ്ടത്. ലെഡ്ജർ സഹിതം വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

### 1-1-7 അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. അദർ അഡ്വാൻസ് എന്ന ഹെഡിൽ നീക്കിയിരിപ്പായ ₹1273542/- യുടേയും (തൊഴിലുറപ്പ് പദ്ധതിയ്ക്ക് നൽകിയ അഡ്വാൻസ് തുകയിൽ തിരികെ ലഭിക്കാനുള്ള തുകയുടെ വിശദാംശങ്ങളടക്കം) അഡ്വാൻസ് ടു ഇംപ്ലിമെന്റിങ്ങ് ഏജൻസീസ് എന്ന ഹെഡിൽ നീക്കിയിരിപ്പായ ₹400000/-യുടേയും വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. അഡ്വാൻസ് രജിസ്റ്റർ തയ്യാറാക്കി വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുത്തി പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

### 1-1-8 ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. വിവിധ ഹെഡിൽ നീക്കിയിരിപ്പായ ഡെപ്പോസിറ്റുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ടെങ്കിൽ അറിയിക്കേണ്ടതാണ്. ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുത്തി പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

### 1-1-9 ധനകാര്യക്കമ്മീഷൻ വിഹിതം നീക്കിയിരിപ്പ് അതിനായുള്ള ബാങ്ക് അക്കൌണ്ടിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

ഷെഡ്യൂൾ ബി-4 പ്രകാരമുള്ള കേന്ദ്ര ധനകാര്യക്കമ്മീഷൻ വിഹിതം നീക്കിയിരിപ്പ് അതിനായുള്ള ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. 2021-22 കെ.ഡബ്ല്യൂ.എ.യ്ക്ക് പദ്ധതിനിർവ്വഹണത്തിന് അനുവദിച്ച തുകയിൽ തിരികെ ലഭിച്ച ₹235832/- LGTSB അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളത് സി എഫ് സി യുടെ ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റിയിടുന്നതാണ് എന്നറിയിച്ചു. അപാകത പരിഹരിച്ച് അറിയിക്കേണ്ടതാണ്.

1-1-10 ഡിപ്രിസിയേഷൻ-written Back-വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

വിവിധ ആസ്തികൾക്ക് ഡിപ്രിസിയേഷൻ കണക്കാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം ₹1178745/- അധിക ഡിപ്രിസിയേഷൻ Written Back ചെയ്തതായി കാണുന്നു. ഇതിന്റെ കൃത്യത പരിശോധിയ്ക്കാനായിട്ടില്ല. വിശദാംശങ്ങളോടൊപ്പം വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-1-11 തൻവർഷം വാങ്ങിയ വാഹനം ആസ്തിയിൽ ഉൾപെടുത്തിയില്ല.

തൻവർഷം വാങ്ങിയ വാഹനം ആസ്തിയിൽ ഉൾപെടുത്തിയില്ല. (ചെക്ക് നം 6946534 Dt 26-11-22, ₹971475/-) തുടർ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-1-12 ഇ-ടെണ്ടർ ഫോറത്തിന്റെ വില -ധനകാര്യപത്രികയിൽ ഉൾപെടുത്തിയില്ല.

ഇ-ടെണ്ടർ ഫോറത്തിന്റെ വില ഇനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കാനുള്ള തുക അതതു വർഷം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകി കൃത്യത ഉറപ്പാക്കി ധനകാര്യപത്രികയിൽ വരവായോ (I-5(b) ഷെഡ്യൂളിൽ) റിസീവബിൾ(ഷെഡ്യൂൾ B-17ൽ) ആയോ ഉൾപ്പെടുത്തിയതായി കാണുന്നില്ല. നടപടി സ്വീകരിച്ച് അറിയിക്കേണ്ടതും മുൻവർഷങ്ങളിലേത് ഉൾപ്പെടെയുള്ള ഇ-ടെണ്ടർ ഫോറത്തിന്റെ വിലയിനത്തിൽ ലഭിക്കുവാനുള്ള തുകയുടെ വിശദാംശങ്ങൾ വർഷം തിരിച്ച് ലഭ്യമാക്കേണ്ടതാണ്.

1-1-13 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

1-1-14 പ്രയർ പിരിയ്ഡ് ഐറ്റംസ്സ്-(I-18)-വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

പ്രയർ പിരിയ്ഡ് ഐറ്റംസ്സ് എന്ന ഇനത്തിൽ (I-18)വിവിധ ഹെഡുകളിലായി ₹12253447/- വരവായി ചേർത്തതായി കാണുന്നു. ഇതിന് വിശദാംശങ്ങൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഡിപ്രസിയേഷൻ Writen Back കൂടാതെ ചേർത്തിട്ടുള്ള മറ്റ് മൂന്ന് വരവ് ഇനങ്ങൾക്ക് കൂടി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്(₹1130/-, ₹11001339/-, ₹72233/-). പ്രയർ പിരിയ്ഡ് ഐറ്റംസ്സ് എന്ന ഇനത്തിൽ (I-18) വരവായോ ചെലവായൊ രേഖപ്പെടുത്തുന്ന തുകകൾക്ക് കൃത്യമായ ഫയൽ സൂക്ഷിക്കേണ്ടതും അക്കൗണ്ടിങ്ങ് കുറിപ്പായി ധനകാര്യപത്രികയോടൊപ്പം ലഭ്യമാക്കേണ്ടതുമാണ്.

1-2 ബജറ്റ്

2022-23 സാമ്പത്തികവർഷത്തേക്കുള്ള ബജറ്റിന് ഭരണസമിതിയുടെ 15.03.2022 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകാരം നൽകുകയുണ്ടായി.

| | ബജറ്റ് പ്രകാരം (₹) | ധനകാര്യ പത്രിക പ്രകാരം (₹) | വ്യത്യാസം (₹) |
|---|---|---|---|
| മുൻബാക്കി | 47,54,414 | 36,50,233.00 | 11,04,181 |
| വരവ് | 28,30,44,395 | 7,51,15,699.00 | (-)20,79,28,696 |
| ആകെ | 28,77,98,809 | 7,87,65,932.00 | (-)20,90,32,877 |
| ചെലവ് | 28,56,97,123 | 7,25,07,974.00 | (-)21,31,89,149 |
| നീക്കിയിരുപ്പ് | 21,01,686 | 62,57,958.00 | 41,56,272 |

ബജറ്റ് പ്രകാരമുള്ള വരവ്-ചെലവും ധനകാര്യ പത്രിക പ്രകാരമുള്ള യഥാർത്ഥ വരവ്-ചെലവും ഗണ്യമായി വ്യത്യാസപ്പെട്ടിരിക്കുന്നു. കൃത്യമായ വിശകലനത്തോടെ, യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹36,50,233.00 |
| ഓഡിറ്റ് വർഷത്തെ വരവ് | ₹7,51,15,699.00 |

| | |
|---|---|
| ആകെ | ₹7,87,65,932.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | ₹7,25,07,974.00 |
| നീക്കിയിരിപ്പ് | ₹62,57,958.00 |

## 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| | മുന്നിരിപ്പ് (₹) | അലോട്ട്മെന്റ് പ്രകാരം വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കി യിരുപ്പ് (₹) | ചെലവഴി ക്കാതെ ലാപ്സായ തുക (₹) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 24468000 | 24468000 | 23616444 | | 851556 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 15000000 | 15000000 | 13430943 | | 1569057 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 31000 | 31000 | 0 | 0 | 31000 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 6389000 | 6331915 | 6784368 | 0 | 57085 |
| കേന്ദ്ര ധനകാര്യക്കമ്മീഷൻ വിഹിതം - Untide Basic Grant | 0 | 3945000+ 134083 (പലിശ) | 4079083 | 3945000 | 0 | |
| കേന്ദ്ര ധനകാര്യക്കമ്മീഷൻ വിഹിതം Tide Performance Grant | 0 | 5923939 | 5923939 | 5304577 | 619362 | 1490 |
| കേന്ദ്രാവിഷ്കൃതഫണ്ട്- | | | | | | |
| 320 100 110 Indira Awas Yojana (General) | 381885 | 167873+23327 (പലിശ)=191200 | 573085 | 87198 | 485887 | |
| 320 100 115 Total Sanitation Campaign | 410319 | 23766(പലിശ) | 434085 | 0 | 434085 | |
| 320 100 118 Integrated Water Shed Program (IWMP) | 4919171 | 0 | 4919171 | 4919171 | 0 | |
| 320100120 NRHM 320100120 | 0 | 2550000+ 49778 (പലിശ)= 2599778 | 2599778 | 413159 | 2186619 | |
| സംസ്ഥാനാവിഷ്കൃത ഫണ്ട്- | | | | | | |
| 320 200 321 NABARD | 134693 | 0 | 134693 | 134693 | 0 | |
| 320 900 101 Nirmal Puraskar | 316639 | 18338 | 334977 | 0 | 334977 | |
| 320100199(ലൈഫ് സംസ്ഥാന വിഹിതം +MKSP ഫണ്ട്) | 0 | 3300035 | 3300035 | 3298764 | 1271 | |

കുറിപ്പ്:-

1. കേന്ദ്ര ധനകാര്യക്കമ്മീഷൻ വിഹിതം വരവ് ചെലവ് പൊരുത്തപ്പെടുന്നില്ല. B4 ഷെഡ്യൂൾപ്രകാരം ഓപണിങ്ങ് ബാലൻസ് ₹7332132/- യും ബാങ്ക് ബാലൻസ് പ്രകാരം ₹1047727/- യും ആയിരുന്നു. തൻവർഷ നീക്കിയിരിപ്പ് B4 ഷെഡ്യൂൾ പ്രകാരം ₹2119479/- യും B17 ഷെഡ്യൂൾ പ്രകാരം ബാങ്ക് ബാലൻസ് ₹1883647/- യാണ്.

കേന്ദ്ര ധനകാര്യക്കമ്മീഷൻ വിഹിതം B4 ഷെഡ്യൂൾ പ്രകാരവും B17 ഷെഡ്യൂൾ പ്രകാരവും നീക്കിയിരിപ്പിലുള്ള വ്യത്യാസത്തിന് വിശദീകരണം നൽകേണ്ടതും മുൻബാക്കി, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ പൊരുത്തപ്പെടുത്തി കൃത്യമായ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

2. ACR പ്രകാരമുള്ള ചെലവും RP-7 പ്രകാരമുള്ള വരവും പൊരുത്തപ്പെടുന്നില്ല.

| | ACR പ്രകാരമുള്ള ചെലവ് (₹) | RP പ്രകാരമുള്ള വരവ് (₹) | വ്യത്യാസം (₹) |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 23616444 | 23573844 | 42600 |
| വികസന ഫണ്ട് (എസ്.സി.പി) | 13430943 | 13330943 | 100000 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 6331915 | 6312000 | 19915 |
| കേന്ദ്ര ധനകാര്യക്കമ്മീഷൻ വിഹിതം Tide Performance Grant | 5304577 | 6209637 | 905060 |

വ്യത്യാസത്തിനുള്ള വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് പൂർത്തീകരിച്ചത് (എണ്ണം) | പദ്ധതി ചെലവ് (₹) | പൂർണ്ണമായി നടപ്പിലാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 119 | 109954578 | 99 | 61646731 | 21 | 28 | 20 | 60% |

## 1-6 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതി ജീവനക്കാർക്കുള്ള ശമ്പളം ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ അടവാക്കും എന്ന വ്യവസ്ഥയിൽ അദർ അഡ്വാൻസ് എന്ന അക്കൗണ്ട് ഹെഡിൽ രേഖപ്പെടുത്തി നൽകുന്നുണ്ട് എങ്കിലും തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവുകൾ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രികയിൽ ഉൾപെടുത്തുന്നില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-7 ക്ഷേമ പദ്ധതികൾ

ഇല്ല

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.06.2023 ന് 3.00 പി.എം. ന് ഹെഡ് ക്ലർക്കിന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ടി ദിവസം പണമിടപാടുകൾ നടന്നിട്ടില്ലായെന്ന് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

1. എല്ലാ വരവുകൾക്കും സാംഖ്യ സോഫ്റ്റ്‌വെയർ വഴിയുള്ള രസീത് നൽകുന്നതിനും ഡേ ബുക്ക്/ചിട്ട യുടെ പ്രിന്റ് എടുത്ത് വരവിന്റെ കൃത്യത പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

2. ഡിപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

3. മരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച രജിസ്റ്ററുകൾ എല്ലാ വിവരങ്ങളും ചേർത്ത് കൃത്യമായി എഴുതി സൂക്ഷിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. കരാറിൽ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തി നിശ്ചിത മാതൃകയിൽ മാത്രം തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

4. കറണ്ടുചാർജ്ജ്, കരാർവേതനങ്ങൾ, വാട്ടർ ചാർജ് മുതലായ ആവർത്തന സ്വഭാവമുള്ള ചെലവുകൾക്കും ഒരു രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

5. പ്രവർത്തനം ഇല്ലാത്ത ഐ.ടി. ഹബിന് കറണ്ടു ചാർജ്ജ് അടവാക്കുന്നതായി കാണുന്നു. 2021-22 ഓഡിറ്റ് റിപ്പോർട്ടിൽ ഐ.ടി. ഹബ് പ്രവർത്തനയോഗ്യമാക്കിയിട്ടില്ല എന്ന പരാമർശിച്ചിട്ടുണ്ട്. ആയതു പ്രവർത്തനയോഗ്യമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

6. 2021-22 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള വിഷയങ്ങളിൽ പഞ്ചായത്ത് നടപടി സ്വീകരിച്ചതായി കാണുന്നില്ല. പ്രത്യേകിച്ച് തുമ്പൂർമുഴി മോഡൽ എയറോബിക് കമ്പോസ്റ്റ് യൂണിറ്റുകളുടെ പ്രവർത്തനം, വാട്ടർ പ്യൂരിഫയറുകളുടെ ഉപയോഗം, ഐ.ടി.ഹബിന്റെ ഉപയോഗം തുടങ്ങിയവ. ഡയപ്പർ ഡിസ്പോസ്സർ യൂണിറ്റിന് നാളിതുവരെ ഇലക്ട്രിക് കണക്ഷൻ പോലും നൽകിയിട്ടില്ല. പ്രസ്തുത വിഷയത്തിൽ അടിയന്തിര നടപടി കൈക്കൊണ്ട് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.04.2023 മുതൽ 03.05.2023 വരെ | 2022-23 | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14.07.2015 മുതൽ 16.07.2015 വരെ | 01.07.13 മുതൽ 30.06.15 വരെ | 13.08.15 |

1-11 ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കുന്ന വരവുകൾക്ക് രസീത് നൽകുന്നില്ല

2022-23 വർഷത്തെ ബ്ലോക്കിലേക്കുള്ള വരവുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1)വരവുകൾക്ക് സാംഖ്യ സോഫ്റ്റ്‌വെയർ വഴിയുള്ള രസീത് നൽകുന്നില്ല.

2)ഡേ ബുക്ക്/ചിട്ട യുടെ പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നില്ല.

3)അക്കൗണ്ട്സ് പ്രകാരം വാടക, ലേലം, ടെണ്ടർ ഫോം വിൽപ്പന എന്നീ ഇനങ്ങളിൽ ട്രഷറി അക്കൗണ്ടിൽ വരവുള്ളതായി കാണുന്നു. എന്നാൽ ഇവർക്ക് നൽകിയ രസീതിന്റെ കോപ്പി ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല .

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/24.06.2023)ന് മറുപടി ലഭിച്ചില്ല.

കേരള ഫിനാൻഷ്യൽ കോഡ് പ്രകാരം ഗവൺമെന്റ് അക്കൗണ്ടുകളിലേയ്ക്ക് വരവ് വെക്കുന്ന തുകക്ക് തുല്യമായ രസീതിന്റെ പകർപ്പ് ഒടുക്കുന്ന കക്ഷിക്ക് നൽകേണ്ടതും ഒറിജിനൽ രസീത് ഓഡിറ്റിനായി ഓഫീസിൽ സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഇവിടെ സ്വീകരിക്കുന്ന വരവുകൾക്ക് സാംഖ്യ രസീതോ മാനുവൽ രസീതോ നൽകുന്നില്ല. യാതൊരു രേഖയും ഇല്ലാതെയാണ് പണം സ്വീകരിക്കുന്നത്. പ്രിന്റർ കേടായ സാഹചര്യത്തിലാണ് സാംഖ്യ വഴി രസീത് നൽകാത്തതെന്നാണ് വാക്കാൽ മറുപടി ലഭിച്ചതെങ്കിലും വർഷങ്ങളായി ഇവിടെ ഇപ്രകാരമാണ് തുകകൾ സ്വീകരിക്കുന്നത്. സാംഖ്യ രസീതുകളുടെ സ്റ്റോക്ക് രജിസ്റ്ററും പരിശോധനക്ക് ലഭ്യമാക്കിയില്ല. മാനുവൽ രസീതിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ 2022-23 ൽ സ്റ്റോക്കിലുള്ള ആകെ 2 രസീത് ബുക്കുകളിൽ ഒന്ന് ഇഷ്യൂ ചെയ്തതായും ഇതിൽ ഒരു രസീറ്റിൽ മാത്രം തൻവർഷ ടെണ്ടർ ഫോം വില ഈടാക്കിയതിന് ഒരു രസീത് ഉപയോഗിച്ചതായും കാണുന്നു. എന്നാൽ രസീത് ബുക്കിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് എഴുതുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഒരു തദ്ദേശസ്വയംഭരണ സ്ഥാപനം എന്ന നിലയിൽ ബുക്ക്സ് ഓഫ് അക്കൗണ്ട്സ് കൃത്യമായും സുതാര്യതയോടെയും സൂക്ഷിക്കേണ്ടതാണ്. കൃത്യമായി രസീത് നൽകാത്തതും സാംഖ്യ സോഫ്റ്റ്‌വെയർ ശരിയായ രീതിയിൽ ഉപയോഗപ്പെടുത്താത്തതും ഗൗരവമായി ഓഡിറ്റിൽ കാണുന്നു. ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

1-12 വാടക ഈടാക്കിയതിൽ അപാകതകൾ

വാടക രജിസ്റ്ററും അനുബന്ധഫയലുകളും പരിശോധിച്ചതിൽ താഴെ കാണുന്ന അപാകതകളുണ്ട്.

1) വാടക ഒടുക്കുമ്പോൾ രജിസ്റ്ററിൽ രസീത് നമ്പർ രേഖപ്പെടുത്തുന്നില്ല.

2) ബ്ലോക്ക് പഞ്ചായത്ത് കാന്റീൻ, ശ്രീമൂലനഗരം വനിതാ വിപണന കേന്ദ്രം എന്നീ കെട്ടിടങ്ങൾ വാടകക്ക് നൽകിയതായി കാണുന്നു. എന്നാൽ ഇവയുടെ ഡി.സി.ബി സ്റ്റേറ്റ്മെന്റ് എഴുതി എ.എഫ്.എസ്. മായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

3) വനിതാ വിപണന കേന്ദ്രത്തിൽ നിന്നും 2022 ഒക്ടോബർ മുതൽ 2023 മാർച്ച് വരെയുള്ള വാടക തുക ഈടാക്കിയിട്ടില്ല. (പ്രതിമാസ വാടക ₹1100 + 18% GST).1100X6 = ₹6600 /-

I] ബ്ലോക്ക് പഞ്ചായത്ത് കാന്റീൻ

വാടക രജിസ്റ്റർ പ്രകാരം 17.06.2022 ൽ ₹7278/-, 25.06.2022 ൽ ₹6750/-, 16.02.2023 ൽ ₹4012/-

(ജി.എസ്.ടി ഉൾപ്പെടെ) എന്നിങ്ങനെ കാന്റീൻ വാടകയിനത്തിൽ വരവ് വന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. 2022 ഡിസംബർ മുതൽ 2023 ജനുവരി വരെയുള്ള വാടക (1700 X 2) ₹3400/- 16.02.2023 ൽ ട്രഷറിയിൽ അടവാക്കിയിട്ടുണ്ട് (LGTSB A/c No.799013000000919). ഇവയുടെ ഒറിജിനൽ രസീത് ഓഡിറ്റിന് ഹാജരാക്കിയില്ല,

4) കരാർ പ്രകാരം വാടക തുക യഥാസമയം അടവാക്കാതിരുന്നാലുള്ള പിഴയെപ്പറ്റി പരാമർശിച്ചിട്ടില്ല. ആയത് കരാറിൽ ഉൾപ്പെടുത്താത്തതിന് കാരണം വ്യക്തമാക്കേണ്ടതാണ്. വാടക എല്ലാ മാസവും അവസാന പ്രവൃത്തി ദിവസം ഓഫീസിൽ അടക്കേണ്ടതാണ് എന്നാണ് കരാറിൽ കാണിച്ചിരിക്കുന്നത്. 2023 ഫെബ്രുവരി, മാർച്ച് എന്നീ മാസങ്ങളിലെ വാടകയും യഥാസമയം ഒടുക്കിയതായി കാണുന്നില്ല. (18.05.2023 ലാണ് അടച്ചത്).

5) 28.11.2022 ൽ കാന്റീൻ നടത്തിപ്പുകാരായ കരുണ കുടുംബശ്രീ യൂണിറ്റുമായി സെക്രട്ടറി ഏർപ്പെട്ടിരിക്കുന്ന കരാർ പ്രകാരം 50 ച.മീ. വിസ്തീർണ്ണമുള്ള സെയിൽ ഔട്ട് ലെറ്റ് കെട്ടിടവും പഴയ കാന്റീൻ കെട്ടിടത്തിലെ അടുക്കളയും ഉപയോഗിക്കുന്നതിന് 28.11.2022 മുതൽ 27.11.2023 വരെയാണ് കരാറിന്റെ കാലാവധി. ഇതിൽ 2023 മാർച്ച് 31 വരെ പ്രതിമാസം ₹2000/- കും 2023 ഏപ്രിൽ 1 മുതൽ വാടക പുതുക്കി നിശ്ചയിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രതിമാസം വാടക തുക ₹1700/- യും 18% ജി.എസ്.ടി യുമാണ് ഈടാക്കുന്ന വാടക തുക.(1700+306=2006). കരാറിൽ വാടകതുകയും ജി.എസ്.ടിയും പ്രത്യേകമായി കാണിച്ചിട്ടില്ല. ( ഇത് 08.12.2022 ലെ 5/2 നമ്പർ തീരുമാന പ്രകാരം കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്). എന്നാൽ 2023 ഏപ്രിൽ മാസവും ഇതേ വാടകയാണ് അടച്ചു കാണുന്നത്. വാടക തുക പുതുക്കി നിശ്ചയിച്ച് ഈടാക്കാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

II] ശ്രീമൂലനഗരം വനിതാ വിപണന കേന്ദ്രം അച്ചാർ യൂണിറ്റ് നടത്തുന്നതിന് പ്രതിമാസം ₹1100/- ക്ക് (+GST) വാടകക്ക് നൽകിയിട്ടുണ്ട്. ഇവരുമായുണ്ടാക്കിയ വാടക കരാർ, 20.06.2022, 20.09.2022, 27.10.2022 എന്നീ തീയതികളിൽ തുക ഒടുക്കിയതിന് നൽകിയ രസീതിന്റെ ഒറിജിനൽ എന്നിവ ഹാജരാക്കേണ്ടതാണ്.

2022 ഒക്ടോബർ മുതൽ 2023 മാർച്ച് വരെയുള്ള വാടക തുക ഒടുക്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. തുക ഒടുക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കേണ്ടതും അല്ലാത്തപക്ഷം വാടക ഈടാക്കാത്തതിന്റെ കാരണവും വ്യക്തമാക്കാൻ താൽപ്പര്യപ്പെടുന്നു.

III] എസ്.സി കമ്മ്യൂണിറ്റി ഹാൾ

1)കല്ലയം എസ്.സി. കമ്മ്യൂണിറ്റി ഹാൾ വാടകക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് ബൈലോ ഉള്ളതായി കാണുന്നില്ല.

2) രജിസ്റ്ററിൽ പ്രതിദിനം ₹1000/- ക്ക് (+ 8% GST) 30.09.2022, 12.10.2022, 10.10.2022, 20.10.2022 എന്നീ തീയതികളിൽ കളക്ഷൻ നടത്തിയതായി കാണുന്നുണ്ട്(1000X4=4000). എന്നാൽ ഇവയുടെ രസീത് നമ്പർ രേഖപ്പെടുത്തിയിട്ടില്ല. അക്കൗണ്ട്സ് പ്രകാരം Rent From Hall ഇനത്തിൽ ₹7000/- രൂപ വരവുള്ളതായി കാണുന്നു. വാർഷിക സംക്ഷിപ്തം എഴുതി അക്കൗണ്ട്സുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതും രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കേണ്ടതുമാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആരാഞ്ഞ് നൽകിയ എൻക്വയറി (നം.4/24.06.2023)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-13 പുത്തൻവേലിക്കര താലൂക്കാശുപത്രിയിലേക്ക് മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ടിന്റെ നം, പേര് | 14/23, പുത്തൻവേലിക്കര താലൂക്ക് ആശുപത്രിയിലേയ്ക്ക് ആവശ്യമായ മരുന്ന് വാങ്ങൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. ചെങ്ങമനാട് |
| ഫണ്ട് | സംരക്ഷണ ഗ്രാന്റ് -റോഡിതരം |
| അടങ്കൽ | ₹4,00,000/- |
| ചെലവ് | ₹3,99,999/- |
| ബിൽ നം/തിയതി-തുക | 22110963018100806855/29.11.2022 - ₹106002/- |

സൂചിത ബിൽ നം.പ്രകാരം ₹1380/- യ്ക്ക് സപ്ലൈകോയിൽ നിന്നും ₹104622/- യ്ക്ക് KMSCL ൽ നിന്നും മരുന്നുകൾ ലഭ്യമാക്കുന്നതിന് തുക കൈമാറിയിട്ടുണ്ട്. ( ആകെ ₹106002/- ).

സപ്ലൈകോയിൽ നിന്നുള്ള മരുന്നുകൾ പൂർണ്ണമായി ലഭ്യമായി. എന്നാൽ പ്രഫോർമ ഇൻവോയ്സ്

നം.PRF2399/19.11.2022 പ്രകാരം KMSCL ൽ നിന്നും ഓർഡർ ചെയ്ത ₹104622/- ക്കുള്ള മരുന്നുകളിൽ ആകെ ₹99951/- ക്കുള്ളവ (ഇൻവോയ്സ് നം. 19692/09.12.2022 പ്രകാരം) മാത്രമാണ് ലഭ്യമായതായി കാണുന്നുള്ളൂ. ബാക്കി ₹4671/- ക്കുള്ള മരുന്നുകൾ ലഭ്യമായോ എന്നതിന്റെ നിലവിലെ വിവരം അറിയിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറി നമ്പർ 3/23.06.2023 ന് ലഭ്യമാക്കിയ മറുപടിയിൽ ടി മരുന്നുകൾ ലഭ്യമായിട്ടില്ലെന്നും KMSCL മായി ബന്ധപ്പെട്ട് മരുന്നുകളും മറ്റുപകരണങ്ങളും ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മരുന്ന് ലഭ്യമായതിനുശേഷം സ്റ്റോക്കിലെടുത്തതായി രേഖപ്പെടുത്തി ഇൻവോയ്സുകളുടെ കോപ്പി സഹിതം പരിശോധനയ്ക്ക് വിധേയമാക്കുന്നതുവരെ ₹4671/- യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-14 ചെങ്ങമനാട് സി.എച്ച്.സി യിലേക്ക് മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ടിന്റെ നം, പേര് | 13/23, ചെങ്ങമനാട് സി.എച്ച്.സി.യിലേയ്ക്ക് ആവശ്യമായ മരുന്ന് വാങ്ങൽ |
| ഫണ്ട് | സംരക്ഷണ ഗ്രാന്റ് -റോഡിതരം |
| അടങ്കൽ | ₹424543/- |
| ചെലവ് | ₹424479/- |
| ബിൽ നം/തിയതി-തുക | 22110963018100787859/18.11.2022 – ₹157325/- |

പ്രഫോർമ ഇൻവോയ്സ് നം.PRF2278/16.11.2022 പ്രകാരം KMSCL ൽ നിന്ന് മരുന്ന് ലഭ്യമാക്കുന്നതിനായി ₹147338/- കൈമാറി. എന്നാൽ ₹135492/- ക്കുള്ള മരുന്നുകളേ ലഭ്യമായതായി കാണുന്നുള്ളൂ. ബാക്കി ₹11846/- ക്കുള്ള മരുന്നുകൾ ലഭ്യമായോ എന്നതിന്റെ നിലവിലെ വിവരം അറിയിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറി നമ്പർ 3/23.06.2023 ന് ലഭ്യമാക്കിയ മറുപടിയിൽ ടി മരുന്നുകൾ ലഭ്യമായിട്ടില്ലെന്നും KMSCL മായി ബന്ധപ്പെട്ട് മരുന്നുകളും മറ്റുപകരണങ്ങളും ലഭിക്കുന്ന മുറയ്ക്ക് സ്റ്റോക്ക് എൻട്രി വരുത്തി ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇൻവോയ്സിൽ രേഖപ്പെടുത്തലുകൾ വരുത്തി ആയതിന്റെ കോപ്പി സഹിതം മറുപടി ലഭ്യമാക്കുന്നതു വരെ ₹11846/- യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-15 സെക്കണ്ടറി പാലിയേറ്റീവ് കെയറിന് മരുന്ന് വാങ്ങൽ - KMSCL ന് നൽകേണ്ട തുക തെറ്റായി സപ്ലൈകോയ്ക്ക് നൽകി

| | |
|---|---|
| പ്രോജക്ടിന്റെ നം, പേര് | 11/23, സെക്കണ്ടറി പാലിയേറ്റീവ് കെയർ |
| നിർവഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. ചെങ്ങമനാട് |
| ഫണ്ട് | വികസന ഫണ്ട് - ജനറൽ |
| അടങ്കൽ | ₹1201000/- |
| ചെലവ് | ₹1200998/- |
| ബിൽ നം/തിയതി-തുക | 22110963018100787862 / 21.11.2022 – ₹284793/- |

A) മേൽ ക്രമ നം. 1 ബിൽ പ്രകാരം പാലിയേറ്റീവ് കെയറിന്റെ വിവിധ ആവശ്യങ്ങൾക്കായി തുക (₹284793/-) ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ₹180563/- മരുന്ന് ലഭ്യമാക്കാനായി സിവിൽ സപ്ലൈസ് കോർപ്പറേഷനും ₹27,775/- KMSCL നുമാണ് കൈമാറിയത്. എന്നാൽ യഥാർത്ഥത്തിൽ ₹180563/- KMSCL നും ₹27775/- സിവിൽ സപ്ലൈസ് കോർപ്പറേഷനുമാണ് നൽകേണ്ടത്. വിശദാംശം താഴെ കൊടുക്കുന്നു.

പാലിയേറ്റീവ് കെയറിന്റെ ഭാഗമായി ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി KMSCL ന്റെ പ്രഫോർമ ഇൻവോയ്സ് നം. PRF2203 (തുക – ₹60987/-), PRF2207 (തുക – ₹119576/-) എന്നിവ പ്രകാരം ആകെ ₹180563/- യുടെ ബില്ലാണ് നൽകിയിട്ടുള്ളത്. എന്നാൽ ബിൽ പാസ്സായതിന്റെ രേഖ പരിശോധിച്ചതിൽ UTR നമ്പർ RBI3262251080010 പ്രകാരം ₹180563/- രൂപ സപ്ലൈകോയുടെ അക്കൗണ്ടിലേക്കാണ് (A/c No.10020200017651, ഫെഡറൽ ബാങ്ക്) നൽകിയത്. ഇവരുടെ ഇൻവോയ്സുകൾ നം.0703305/22123- 11.10.2022(₹9200/-), നം.0703305/22135 – 28.10.2022(₹9335/-), നം.0703305/22131- 24.10.2022(₹9240/-) എന്നിവ പ്രകാരം ആകെ ₹27,775/- യാണ് നൽകേണ്ടിയിരുന്നത്. സപ്ലൈകോയിൽ നിന്ന് ₹27775/- ക്കുള്ള മരുന്ന് ലഭ്യമായിട്ടുണ്ട്. KMSCL ന് നൽകേണ്ടിയിരുന്ന ₹180563/- ക്കുള്ള മരുന്നുകൾ ആശുപത്രിയിൽ ഇതുവരെ ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമാക്കാനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

അധികം നൽകിയ തുക(₹152788/-) സപ്ലൈകോയിൽ നിന്ന് തിരികെ ഈടാക്കി KMSCL ന് നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന വിവരം അറിയിക്കേണ്ടതും അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ എൻക്വയറി നമ്പർ 3/23.06.2023 ന് ലഭ്യമാക്കിയ മറുപടിയിൽ സാംഖ്യ സൈറ്റിൽ 2 സ്ഥാപനവും കേരള എന്ന് തുടങ്ങുന്നതിനാൽ സംഭവിച്ച പോയ

പിശകാണെന്നും അധികമായി നൽകിയ ₹152788/- സപ്ലൈകോയിൽ നിന്നും തിരികെ അടക്കണം എന്നാവശ്യപ്പെട്ട് സ്ഥാപനത്തിന് കത്ത് നൽകിയതായും സ്ഥാപനം തുക തിരികെ അടക്കാമെന്ന് സമ്മതിച്ചതായും അറിയിച്ചിട്ടുണ്ട്. തിരികെ ലഭിക്കുന്ന ₹152788/- KMSCL ന് അടക്കേണ്ടതും ടി തുകക്കുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

B) ഈ പദ്ധതിയിൽത്തന്നെ ബിൽ നം.22110963018100806857/29.11.2022 പ്രകാരം ₹310421/- KMSCL ന്റെ പ്രഫോർമ ഇൻവോയ്സ് നം.PRF2397/19.11.2022 പ്രകാരം മരുന്ന് ലഭ്യമാക്കുന്നതിനായി കൈമാറിയിട്ടുണ്ട്. എന്നാൽ മരുന്ന് ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കി സ്റ്റോക്ക് എൻട്രി നടത്തി രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കുന്നതു വരെ ചെലവ് തുക തടസ്സത്തിൽ വെക്കുന്നു.

ആകെ ₹4,90,984/- (180563 + 310421) ഈ പദ്ധതിയിൽ തടസ്സപ്പെടുത്തുന്നു.

## 1-16 കരാറടിസ്ഥാനത്തിലുള്ള ഡോക്ടർക്ക് അധിക വേതനം നൽകി

| | |
|---|---|
| പ്രോജക്ടിന്റെ നം, പേര് | 12/23, പുത്തൻവേലിക്കര താലൂക്ക് ആശുപത്രി ഉച്ചക്ക് ശേഷം O.P. പ്രവർത്തിപ്പിക്കുന്നതിന് ഡോക്ടറേയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കൽ |
| നിർവഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി ചെങ്ങമനാട് |
| അടങ്കൽ (ഫണ്ട്) | ₹2107133/- (വികസന ഫണ്ട്- ജനറൽ) |
| ആകെ ചെലവ് | ₹2106283/- |
| ബിൽ നം/തിയതി - തുക | 22110963018101416455/23.03.2023 – ₹52920/- |

പുത്തൻവേലിക്കര താലൂക്ക് ആശുപത്രിയിൽ ഉച്ചക്ക് ശേഷം ഒ.പി. പ്രവർത്തിപ്പിക്കുന്നതിന് ഡോക്ടർമാരേയും പാരാമെഡിക്കൽ സ്റ്റാഫിനേയും നിയമിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ബില്ലുകൾ പരിശോധിച്ചതിൽ ഡോ.സൗരവ് എസ്. ന് ഒരു LOP ദിവസത്തെ വേതനം നൽകിയതായി കാണുന്നു. വിശദ വിവരം താഴെ ചേർക്കുന്നു.

മേൽ ബിൽ നമ്പർ പ്രകാരം 2023 ഫെബ്രുവരി മാസത്തെ വേതനമായി ആകെ ₹52,920/- രൂപ നൽകി. എന്നാൽ ആശുപത്രി സൂപ്രണ്ടിന്റെ അറ്റൻഡൻസ് സർട്ടിഫിക്കറ്റ് പ്രകാരം (നം.169/2022 – 01.03.2023)ഡോ.സൗരവ് 4 വീക്ക്ലി ഓഫ് നു പുറമേ 1 ദിവസത്തെ ലോസ് ഓഫ് പേ അവധി കൂടെ എടുത്തതായി കാണിച്ചിട്ടുണ്ട്. 13.09.2022 ലെ കരാർ പ്രകാരം കലണ്ടർ വർഷത്തിൽ 6 ദിവസം തുടർച്ചയായി ജോലി ചെയ്താൽ ഒരു ദിവസം വീക്ക്ലി ഓഫ് ലഭിക്കുന്നതും എന്നാൽ മാസത്തിൽ മറ്റൊരു അവധിക്കും അർഹത ഉണ്ടായിരിക്കുന്നതുമല്ല. ബോധ്യപ്പെടാവുന്ന കാരണങ്ങളാൽ മെഡിക്കൽ ഓഫീസറുടെ അനുമതിയോടെ ലീവ് എടുക്കാമെങ്കിലും അങ്ങനെ ലീവെടുത്താൽ ശമ്പളത്തിൽ നിന്നും ആനുപാതികമായി കുറവ് വരുന്നതാണ്. ജി.ഓ(പി)29/2021/ധന:തീ.11.02.2021 ഉത്തരവ് പ്രകാരം ഡോക്ടർമാരുടെ ദിവസവേതനം ₹1960/- യും മാസത്തിൽ നൽകാവുന്ന മാക്സിമം വേതനം ₹52920/-യുമാണ്. 2023 ഫെബ്രുവരി മാസത്തെ ഒരു ദിവസത്തെ ശമ്പള നഷ്ടത്തോട്ടു കൂടിയ അവധിയുടെ വേതനം കുറക്കാതെ മുഴുവൻ വേതനവും അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറി നം.15/27.06.2023 ന് മറുപടി ലഭിക്കാത്തതിനാൽ തുക ₹1960/- തിരിച്ചീടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 ഗുണഭോക്തൃ വിഹിതം ഈടാക്കിയിട്ടില്ല – പ്രോജക്ടിന്റെ അടങ്കൽ തുകയിൽ വ്യത്യാസം

| | |
|---|---|
| പ്രോജക്ടിന്റെ നം, പേര് | 96/23, വളം, കീടനാശിനി സബ്സിഡി |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| അടങ്കൽ തുക (ഫണ്ട്) | 1)₹50,000/-<br>(വികസന ഫണ്ട് - ജനറൽ)<br>2)₹12,500/- (ഗുണഭോക്തൃ വിഹിതം)<br>ആകെ - ₹62500/- |
| ആകെ ചെലവ് | 1)₹46875/- (വികസന ഫണ്ട് – ജനറൽ) |
| ബിൽ നം/തിയതി-തുക | 22110963017901547629/<br>31.03.2023 - ₹46875/- |

1)കുടുംബശ്രീ ഗ്രൂപ്പുകൾ, കൃഷിഭവനിൽ രജിസ്റ്റർ ചെയ്ത ഗ്രൂപ്പുകൾ എന്നിവർക്ക് 75% സബ്സിഡി നിരക്കിൽ ജൈവവളം, കീടനാശിനി എന്നിവ നൽകുന്നതിന് വിഭാവനം ചെയ്ത പദ്ധതിയാണിത്. 25% ഗുണഭോക്തൃ വിഹിതം സ്ഥാപനം ഈടാക്കേണ്ടതുമാണ്.

എന്നാൽ അംഗീകാരം ലഭിച്ച പദ്ധതിയുടെ അടങ്കൽ തുകയിന്മേൽ സബ്സിഡി കണക്കാക്കിയതിൽ

അപാകതയുണ്ട്. അടങ്കൽ തുകയായ ₹62500/- ന്റെ 75% ₹46875/- യും 25% സബ്സിഡി ഈടാക്കേണ്ടത് ₹15625/- യുമായിരുന്നു. പ്രോജക്റ്റ് പുതുക്കി അംഗീകാരം വാങ്ങാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. മാത്രമല്ല ഗുണഭോക്തൃ വിഹിതം ഈടാക്കി വളം വാങ്ങിയ KAICO ക്ക് കൈമാറിയതായി കാണുന്നില്ല. KAICO യിൽ നിന്ന് ലഭ്യമായ താഴെപ്പറയുന്ന ബില്ലുകൾ പ്രകാരം അടങ്കൽ തുകയിൽ നിന്നും അധികരിച്ച് ആകെ ₹63000/- ക്ക് ജൈവവളം, കീടനാശിനി എന്നിവ വാങ്ങിയിട്ടുണ്ട്.

| ക്രമ നം | ബിൽ നം/തിയതി | ബിൽ തുക (₹) | പാസ്സാക്കി നൽകിയ തുക(₹) |
|---|---|---|---|
| 1 | AMB/649/22-23 / 09.03.2023 | 10500 | 7813 |
| 2 | AMB/648/22-23 / 09.03.2023 | 10500 | 7813 |
| 3 | AMB/888/22-23 / 09.03.2023 | 10500 | 7813 |
| 4 | AMB/650/22-23 / 09.03.2023 | 10500 | 7812 |
| 5 | AMB/651/22-23 / 09.03.2023 | 10500 | 7813 |
| 6 | AMB/652/22-23 / 09.03.2023 | 10500 | 7811 |
| | ആകെ | 63000 | 46875 |

അതിനാൽ കെയ്കോക്ക് ബാക്കി ₹16125/- ഇനി നൽകേണ്ടതുണ്ട്. ടി തുക ഗുണഭോക്തൃ വിഹിതമായി ഈടാക്കി നൽകിയിട്ടുണ്ടോ എന്ന വിവരം അറിയിക്കേണ്ടതാണ്.
ജില്ലാതലത്തിൽ ടി വളങ്ങൾക്ക് യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചതിന്റെ രേഖ, തുക പാസ്സായതിന്റെ UTR നമ്പർ അടങ്ങിയ സ്റ്റേറ്റ്മെന്റ്, ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ്, വളം സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ സ്റ്റോക്ക് രജിസ്റ്റർ, വിതരണ രജിസ്റ്റർ എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. പദ്ധതി ലക്ഷ്യം കൈവരിച്ചതിന്റെയും പദ്ധതിക്ക് ഗുണഭോക്തൃ വിഹിതം ഈടാക്കുന്നതിന് രസീത് ബുക്ക് ഇഷ്യു ചെയ്തതിന്റെയും വിശദാംശം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

2)

| | |
|---|---|
| പ്രോജക്ടിന്റെ നം, പേര് | 144/23, ജാതി തൈ വിതരണം |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| അടങ്കൽ തുക (ഫണ്ട്) | 1)₹585000/- (വികസന ഫണ്ട് - ജനറൽ)<br>2)₹146250/- (ഗുണഭോക്തൃ വിഹിതം)<br>ആകെ - ₹731250/- |
| ആകെ ചെലവ് | 1)₹548400/- (വികസന ഫണ്ട് - ജനറൽ) |
| ബിൽ നം/തിയതി-തുക | 22110963017901575647/31.03.2023 - ₹548400/- |

ജാതികൃഷി പ്രോത്സാഹനത്തിനായി പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ കർഷകർക്ക് അത്യുൽപ്പാദന ശേഷിയുള്ള ഗ്രാഫ്റ്റ് ജാതി തൈകൾ വിതരണം ചെയ്യുന്ന പദ്ധതിയാണിത്. കർഷക ഗ്രൂപ്പുകൾക്ക് 75% സബ്സിഡി നിരക്കിൽ തൈകൾ നൽകുകയും 25% ഗുണഭോക്തൃ വിഹിതമായി ടി ഗ്രൂപ്പുകളിൽ നിന്നും ഈടാക്കുകയും വേണം.എന്നാൽ ഈ പദ്ധതിയിലും ഗുണഭോക്തൃ വിഹിതവും അടങ്കൽ തുകയും സബ്സിഡി തെറ്റായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ₹548400/- യായിരുന്നു വികസന ഫണ്ടിന്റെ അടങ്കൽ ആയി നിശ്ചയിക്കേണ്ടിയിരുന്നത്. തെറ്റായി നിർണ്ണയിക്കുകയും പദ്ധതിക്ക് ഡി.പി.സി യുൽ നിന്നും റിവൈസ് ചെയ്ത് അംഗീകാരം വാങ്ങിയിട്ടുമില്ലാത്തതിനാൽ ₹548400/- മാത്രം പാസ്സാക്കി നൽകുകയാണ് ചെയ്തത്.
ഒന്നിന് ₹400/- നിരക്കിൽ KAICO യിൽ നിന്നുള്ള താഴെപ്പറയുന്ന ബില്ലുകൾ പ്രകാരം ആകെ ₹763200/- യുടെ ജാതിതൈകൾ വാങ്ങിയിട്ടുണ്ട്. ഇത് അടങ്കൽ തുക (₹731250/-) യിൽ നിന്നും അധികരിച്ച തുകയാണ്.

| ക്രമ നം | ബിൽ നം/തിയതി | ബിൽ തുക(₹) | പാസ്സാക്കി നൽകിയ തുക(₹) |
|---|---|---|---|
| 1 | AMB/605/22-23 / 06.03.2023 | 122000 | 91500 |
| 2 | AMB/608/22-23 / 06.03.2023 | 122000 | 91500 |
| 3 | AMB/781/22-23 / 06.03.2023 | 8000 | 6000 |
| 4 | AMB/606/22-23 / 06.03.2023 | 122000 | 82200 |
| 5 | AMB/609/22-23 / 06.03.2023 | 121200 | 90900 |
| 6 | AMB/782/22-23 / 05.03.2023 | 8000 | 6000 |
| 7 | AMB/647/22-23 / 06.03.2023 | 130000 | 82800 |
| 8 | AMB/607/22-23 / 06.03.2023 | 122000 | 91500 |
| 9 | AMB/780/22-23 / 21.03.2023 | 8000 | 6000 |
| | ആകെ | 763200 | 548400 |

അതിനാൽ കെയ്ക്കോയ്ക്ക് ബാക്കി ₹214800/- ഇനി നൽകേണ്ടതുണ്ട്. ടി തുക ഗുണഭോക്തൃ വിഹിതമായി ഈടാക്കി നൽകിയിട്ടുണ്ടോ എന്ന വിവരം അറിയിക്കേണ്ടതാണ്.

തുക പാസ്സായതിന്റെ UTR നമ്പർ അടങ്ങിയ സ്റ്റേറ്റ്മെന്റ്, ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ്, വളം സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ സ്റ്റോക്ക് രജിസ്റ്റർ, വിതരണ രജിസ്റ്റർ എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. പദ്ധതി ലക്ഷ്യം കൈവരിച്ചതിന്റെയും പദ്ധതിക്ക് ഗുണഭോക്തൃ വിഹിതം ഈടാക്കിയതിന്റെ രസീത് ബുക്ക് ഇഷ്യു ചെയ്തതിന്റെയും വിശദവിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.5/25.06.2023) മറുപടി ലഭ്യമാക്കിയില്ല. ഗുണഭോക്തൃ വിഹിതം ഈടാക്കി വിവരം അറിയിക്കുന്നതു വരെ ₹595275/-(46875 + 548400) യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-18 സമൃദ്ധം- തരിശുരഹിത പാറക്കടവ് ബ്ലോക്ക് - പദ്ധതി നടത്തിപ്പിലെ അപാകത

സൂചന :- സ.ഉ (കൈ) നം.115/2022/LSGD തീ.28.05.2022

| | |
|---|---|
| പ്രോജക്ടിന്റെ നം, പേര് | 93/23, സമൃദ്ധം- തരിശുരഹിത പാറക്കടവ് ബ്ലോക്ക് |
| അടങ്കൽ (ഫണ്ട്) | ₹5,04,700/- ( വികസന ഫണ്ട് - ജനറൽ) |
| ആകെ ചെലവ് | ₹5,04,450/- |
| ബിൽ നം/തീയതി -തുക | 1) 22110963017900950436/28.12.2022 – ₹1,19,700/- രൂപ<br>2) 22110963017901380355/20.03.2023 – ₹3,84,750/- രൂപ<br>ആകെ - ₹5,04,450/- |
| നിർവഹണോദ്യോഗസ്ഥൻ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ |

12.6175 ഹെക്ടർ സ്ഥലത്ത് തരിശ് കൃഷി ഉപയോഗ യോഗ്യമാക്കൽ, നിലം ഒരുക്കൽ, നടീൽ വസ്തുക്കൾ കീടനാശിനി പ്രയോഗം വളം പ്രയോഗം എന്നിവ നടത്തുന്നതിനുള്ള പദ്ധതിയാണിത്. ഫയൽ പരിശോധിച്ചതിൽ കാണുന്ന ന്യൂനതകൾ ഇനി പറയുന്നു.

1)അംഗീകൃത പ്രോജക്ട് പ്രകാരം രജിസ്റ്റേർഡ് കർഷക ഗ്രൂപ്പുകൾക്കാണ് സബ്സിഡി നൽകാവുന്നത്. എന്നാൽ മേൽ പദ്ധതി പ്രകാരം വ്യക്തിഗത ഗുണഭോക്താക്കളുടെ സ്വകാര്യ ബാങ്ക് അക്കൗണ്ടിലേക്കാണ് തരിശ് നെൽകൃഷിക്കുള്ള ആനുകൂല്യ തുക കൈമാറിക്കാണുന്നത്. സൂചനാ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക.6.1.8പ്രകാരം വ്യക്തി ഗത പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും മാത്രവും ഗ്രൂപ്പ് അധിഷ്ഠിത പ്രോജക്ടുകൾ എല്ലാ തദ്ദേശതലസ്ഥാപനങ്ങൾക്കും ഏറ്റെടുക്കാവുന്നതാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് നേരിട്ട് നിർവ്വഹണം നടത്തിയ പദ്ധതിക്ക് വ്യക്തിഗത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

2) ക്രമ നം. 1 ലെ ബിൽ പ്രകാരം ചെങ്ങമനാട് പഞ്ചായത്ത് പരിധിയിലെ 4 കർഷകർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. ഇതിൽ ശ്രീ.ശ്രീജിത്ത് എൻ. എന്ന വ്യക്തിയുടെ ബാങ്ക് അക്കൌണ്ടിലേയ്ക്ക് (A/c No.57060179085, SBIN0070147) ₹59500/- നൽകിയിട്ടുണ്ട്. ടിയാന്റെ അപേക്ഷയിൽ കാണിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ടിലേക്കല്ല ആനുകൂല്യം നൽകിയിരിക്കുന്നത്. നെൽകൃഷി നടത്തിയ സ്ഥലത്തിന്റെ വിവരങ്ങളും ഫയലിലില്ല. അതിനാൽ യഥാർത്ഥ ബാങ്ക് അക്കൗണ്ടിന്റെ (SBI) പാസ്ബുക്കിന്റെ പകർപ്പ്, പാട്ടത്തിനെടുത്തതാണെങ്കിൽ സ്ഥലത്തിന്റെ കരം അടച്ച രസീത്, ഉടമയുടെ സമ്മതപത്രം എന്നിവ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

3)പാട്ടകൃഷിയാണെങ്കിൽ പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കേണ്ടതാണ്. നെടുമ്പാശ്ശേരി, പാറക്കടവ് എന്നീ പഞ്ചായത്തുകൾക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. നെടുമ്പാശ്ശേരി പഞ്ചായത്ത് കമ്മിറ്റിയുടെ ലഭ്യമാക്കിയ 31.10.2022 ലെ 49/1നമ്പർ തീരുമാന പ്രകാരം വാർഡ് 1 ലുള്ള മള്ളുശ്ശേരി പറമ്പുശ്ശേരി വലിയ പാടശേഖര നെൽ ഉൽപ്പാദക സമിതിക്ക് ആനുകൂല്യം നൽകുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. എന്നാൽ വ്യക്തിഗത ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്കാണ് തുക നൽകിയത്. കാരണം വ്യക്തമാക്കേണ്ടതാണ്.

4)തരിശ് ഭൂമിയിലെ ആദ്യ കൃഷിക്കാണ് ആനുകൂല്യം നൽകുന്നതെന്ന് കൃഷി ഓഫീസർ വ്യക്തമായി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

5)കൃഷി വർക്കിംഗ് ഗ്രൂപ്പ് സ്ഥല പരിശോധന നടത്തിയതിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് മറുപടി ആവശ്യപ്പെട്ട് നൽകിയ എൻക്വയറി (നം.12/26.06.2023 )ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ചെലവ് തുക ₹504450/- തടസ്സത്തിൽ വെക്കുന്നു.

## 1-19 പാറക്കടവ് കൃഷിഗ്രാമം - പൂർണ്ണവിവരങ്ങൾ ഹാജരാക്കിയില്ല

| | |
|---|---|
| പ്രോജക്ടിന്റെ നം, പേര് | 32/23, പാറക്കടവ് കൃഷിഗ്രാമം (സ്പിൽ ഓവർ) |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| അടങ്കൽ (ഫണ്ട്) | 1) ₹5,00,000/- (തനത്ഫണ്ട്)<br>2) ₹5,00,000/- (എക്സ്റ്റേണലി എയ്ഡഡ് പരിപാടി)<br>ആകെ -10 ലക്ഷം |
| ആകെ ചെലവ് | ₹87,000/- (തനത് ഫണ്ട്) |
| ചെക്ക് നം/തീയതി /തുക | 1)JF-7447508 /28.06.2022 – ₹50,000/-<br>2)XY-6946586/25.03.2023 – ₹37,000/-<br>ആകെ - ₹87,000/- |

ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്ന് 2022-23 സാമ്പത്തികവർഷത്തിൽ ₹87,000/- ചെലവഴിച്ച് സ്പിൽ ഓവർ ആയി നടപ്പാക്കിയ പദ്ധതിയാണിത്. സബ്സിഡി മാർഗ്ഗരേഖയിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഈ പദ്ധതി നൂതന പ്രോജക്ട് എന്ന നിലയിലാണ് നടപ്പാക്കിയിട്ടുള്ളത്.

ടി പദ്ധതി നടത്തിപ്പിന്റെ ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1)അംഗീകരിച്ച പ്രോജക്ട് പ്രകാരം അടങ്കൽ തുകയായി ആകെ 10 ലക്ഷം വകയിരുത്തിയതിൽ 5 ലക്ഷം രൂപ എക്സ്റ്റേണലി എയ്ഡഡ് പരിപാടി എന്നു കാണുന്നു. ഇത് ഏത് ഫണ്ടാണെന്നും ആയത് ചെലവാകാതിരുന്നതിനും കാരണം കാണിച്ചിട്ടില്ല

2) പദ്ധതി സ്പിൽ ഓവർ ആയി നടപ്പാക്കാനുള്ള കാരണം, പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം എന്നിവ പ്രോജക്ടിൽ വ്യക്തമാക്കിയിട്ടില്ല.

3)മേൽ പട്ടികയിലെ ക്രമ നം.1 ചെക്ക് മുഖേന താഴെപ്പറയുന്ന കാര്യങ്ങൾക്ക് ₹50,000/- ചെലവ് വന്നിട്ടുണ്ട്.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ആവശ്യം | നൽകിയ തുക(₹) |
|---|---|---|---|
| 1 | എം.വി.ജിനാൻ | സ്ഥലം പാട്ടത്തിനെടുത്തത് | 30000 |
| 2 | കാർഷിക സേവന കേന്ദ്രം, പാറക്കടവ് ബ്ലോക്ക് | ട്രാക്ടർ ഉപയോഗിച്ച് ഉഴുതതിന് | 15000 |
| 3 | നെയിംബോർഡ് അടിച്ചതിന് | പ്രദീപ് കെ., അതുല്യ കമ്മ്യൂണിക്കേഷൻസ് | 5000 |
| | | ആകെ | 50000 |

പാറക്കടവ് കൃഷിഗ്രാമം എന്ന പദ്ധതിക്കായി 5 ഏക്കർ കൃഷി സ്ഥലം പാട്ടത്തിനെടുത്തതിന് പ്രതിവർഷം ₹10,000/- നിരക്കിൽ 3 വർഷത്തേക്ക് ₹30,000/- ശ്രീ.ജിനാൻ എം.വി. എന്ന വ്യക്തിക്ക് നൽകിയതായി കാണുന്നു. ഭൂവുടമ, കൃഷി ചെയ്യുന്നവർ എന്നിവരുമായി തദ്ദേശഭരണ സ്ഥാപനങ്ങൾ ധാരണയുണ്ടാക്കേണ്ടതാണ്. എന്നാൽ ടിയാനുമായുണ്ടാക്കിയ പാട്ട കരാർ, സ്ഥലത്തിന്റെ കരം അടച്ച രസീത് മുതലായ രേഖകൾ ഫയലിൽ ലഭ്യമല്ല. ആയവ ലഭ്യമാക്കേണ്ടതാണ്. ടി സ്ഥലത്ത് എന്ത് കൃഷിയാണ് ചെയ്തതെന്നും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

4)മേൽ ക്രമ നം. 2 ചെക്ക് പ്രകാരം ₹37000/- കൃഷിഗ്രാമം പാറക്കടവ് ബ്ലോക്ക് എന്ന പേരിലുള്ള ഒരു അക്കൌണ്ടിലേക്ക് (A/c No.41759998191, SBIN0008638) നൽകിയിട്ടുണ്ട്. എ.ഡി.എ.യുടെ 25.03.2023 ലെ ഉത്തരവ് പ്രകാരം പ്രസ്തുത പദ്ധതിക്കായി കൃഷി ഗ്രാമം, പാറക്കടവ് ബ്ലോക്ക് എന്ന കർഷക ഗ്രൂപ്പിനെ തെരഞ്ഞെടുത്ത് തുക കൈമാറിയതായി കാണുന്നു. എന്നാൽ ടി ഗുണഭോക്തൃ ഗ്രൂപ്പിനെ തെരഞ്ഞെടുത്തായുള്ള ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം ലഭ്യമല്ല. ടി കർഷക സമിതി രജിസ്റ്റർ ചെയ്ത വർഷവും അറിയിക്കേണ്ടതാണ്.

ഫയലിൽ സൂക്ഷിച്ചിരിക്കുന്ന വിവിധ ബില്ലുകൾ പ്രകാരം ആകെ ₹20,709/- യുടെ ചെലവാണ് കാണിച്ചിരിക്കുന്നത്. ടി ചെലവുകൾ നിർവഹണോദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. എന്ത് രേഖകളുടെ അടിസ്ഥാനത്തിലാണ് ₹37000/- ടി ഗ്രൂപ്പിന്റെ അക്കൌണ്ടിലേക്ക് നൽകിയത് എന്ന് വ്യക്തമാക്കേണ്ടതാണ്. പൂർണ്ണമായ ചെലവ് വിവരങ്ങൾ ഹാജരാക്കേണ്ടതാണ്.

5)പാട്ടകൃഷിയാണെങ്കിൽ പാട്ടത്തിനെടുത്ത് കൃഷി ചെയ്തതാണെന്ന നിർവഹണ ഉദ്യോഗസ്ഥന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

6) പദ്ധതി നിലവിൽ തുടർന്നു വരുന്നുണ്ടോ എന്നും ആയതിന്റെ പ്രോജക്ട് മോണിറ്ററിംഗ് റിപ്പോർട്ട് ഫോട്ടോ സഹിതം ലഭ്യമാക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടെങ്കിലും (എൻക്വയറി നം.7/26.06.2023) നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ ₹87000/- യുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

1-20 പഠനമുറി - പണി പൂർത്തിയായില്ല

| | |
|---|---|
| പ്രോജക്ടിന്റെ നം, പേര് | 68/23, പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പഠനമുറി |
| ഫണ്ട് | വികസന ഫണ്ട്- എസ്.സി.പി |
| അടങ്കൽ | ₹33,75,000/- |
| ചെലവ് | ₹29,94,416/- |
| നിർവ്വഹണോദ്യോഗസ്ഥൻ | പട്ടിക ജാതി വികസന ഓഫീസർ |

എസ്.സി പഠനമുറി പദ്ധതി നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

മേൽ പദ്ധതി പ്രകാരം പഠനമുറി നിർമ്മാണത്തിനായി തുകകൾ കൈമാറിയെങ്കിലും ഇനിയും പണി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾ ഉള്ളതായി കാണുന്നു. നിർവ്വഹണോദ്യോഗസ്ഥരുമായുണ്ടാക്കിയ കരാറിൽ പറയുന്ന തിയതി കഴിഞ്ഞിട്ടും പണി പൂർത്തീകരിക്കുകയോ അതിനാൽ അവസാന ഗഡു കൈമാറാൻ സാധിക്കുകയോ ചെയ്തിട്ടില്ല. ടി ഗുണഭോക്താക്കളുടെ വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | രജിസ്റ്ററിലെ പേജ്/ക്രമ നം | ബിൽ നം/തീയതി - തുക | കരാർ പ്രകാരം പണി പൂർത്തീകരിക്കേണ്ട തിയതി |
|---|---|---|---|---|
| 1 | ദാസൻ.കെസി (ആശ്രിത് ദാസ്) | 19(7) | 22110963018000948078 / 28.12.2022 – ₹50,000/- (ആദ്യഗഡുമാത്രം) | 2023 മാർച്ച് |
| 2 | വിസ്മയ വിനോദ് | 23(14) | 1)22110963018001052821 / 24.01.2023– ₹50,000/- (ആദ്യഗഡു ) 2)22110963018001527536/ 24.01.2023– ₹75,000/- (രണ്ടാം ഗഡു ) | 2023 മാർച്ച് |
| 3 | ബബീഷ്.എൻ.എ (വൈഷ്ണവി.ബി) | 23(18) | 1)22110963018001127698 /08.02.2023– ₹50,000/- (ആദ്യഗഡു ) 2)22110963018001360157/ 18.03.2023– ₹75,000/- (രണ്ടാം ഗഡു ) | 2023 മാർച്ച് |
| 4 | സാന്ദ്ര.എസ് (സനിൽ.ടി) | 23(15) | 1)22110963018001052821/ 24.01.2023– ₹50,000/- (ആദ്യഗഡു ) 2)22110963018001346353/ 18.03.2023– ₹45,000/- (രണ്ടാം ഗഡു ) | 2023 മാർച്ച് |
| 5 | സന്തോഷ്.കെ. സായന്ത് | 23(16) | 1)22110963018001097943 /31.01.2023– ₹50,000/- (ആദ്യഗഡു ) 2)22110963018001342033/ 18.03.2023– ₹50,000/- (രണ്ടാം ഗഡു ) | 2023 മാർച്ച് |
| 6 | കൃഷ്ണകുമാർ.ടി.വി | 23(17) | 1)22110963018001119469 / | 2023 മാർച്ച് |

| | | | | |
|---|---|---|---|---|
| | (നവൽകൃഷ്ണ) | | 07.02.2023–<br>₹50,000/- (ആദ്യഗഡു )<br>2)22110963018001450348/<br>23.03.2023–<br>₹75,000/- (രണ്ടാം ഗഡു ) | |

മേൽ ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചോ എന്നും ഇല്ലെങ്കിൽ കരാർ ലംഘനത്തിന്മേൽ സ്വീകരിച്ച നടപടികളും അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് കൊണ്ട് നൽകിയ എൻക്വയറി നം.6/25.06.2023 ന് നിർവഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല.

പണി പൂർത്തിയായി അവസാനഗഡു നൽകി വിവരം അറിയിക്കേണ്ടതും പദ്ധതി പൂർത്തിയാക്കിയവരുടെ പഠനമുറിയുടെ ഫോട്ടോ ഫയലിനൊപ്പം സൂക്ഷിക്കേണ്ടതാണ്.

## 1-21 വാട്ടർ എടിഎം - അപാകതകൾ

| | |
|---|---|
| പ്രൊജക്റ്റ് | വാട്ടർ എ.ടി.എം - 18/22-23 |
| നിർവഹണം | സെക്രട്ടറി |
| അടങ്കൽ | ₹600000/- |
| ചെലവ് | ₹494111/- |
| ബിൽ നമ്പർ | 23-22/23 തീയതി 03.03.2023 |
| ഫണ്ടിനം | ധനകാര്യകമ്മീഷൻ ഗ്രാന്റ് |

പദ്ധതിപ്രകാരം വാട്ടർ എ.റ്റി.എം. സ്ഥാപിക്കുന്നതിനായി സെക്രട്ടറി, തൃശ്ശൂർ വാട്ടർ വേൾഡ് എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെടുകയും പുത്തൻവേലിക്കര പഞ്ചായത്തിൽ വാട്ടർ എ.ടി.എം. സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. സ്ഥലപരിശോധനയിൽ അത് പ്രവർത്തനരഹിതമാണെന്നും മെയിന്റനൻസ് ചെയ്തിട്ടില്ല എന്നും വ്യക്തമായി. കരാർപ്രകാരം ഒരു വർഷത്തെ സൗജന്യ മെയിന്റനൻസ് ഉണ്ടായിട്ടും ആയതിന് നടപടി സ്വീകരിച്ചതായി കാണുന്നില്ല. പഞ്ചായത്തിന് കൈമാറിയ ആസ്തി ആണെന്നിരിക്കിലും കരാറിൽ ഏർപ്പെട്ട വ്യക്തി എന്ന നിലയിൽ ഈ വിഷയം സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് നല്കിയ എൻക്വയറിക്ക (നം.17/29.06.2023) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ പദ്ധതി നിർവ്വഹണം പൂർത്തിയാക്കി പ്രവർത്തനയോഗ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ₹494111/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-22 സെക്രട്ടറി നടപ്പാക്കിയ പദ്ധതികളിലെ പൊതു - അപാകതകൾ

2022-23 സാമ്പത്തികവർഷം സെക്രട്ടറി നടപ്പാക്കിയ പദ്ധതികളിൽ താഴെ കാണിച്ചിരിക്കുന്നവയ്ക്ക് അവയുടെ നേരെ കാണിച്ചിരിക്കുന്ന കാരണങ്ങൾകൊണ്ട് ₹90103/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രസ്തുത കാരണങ്ങൾക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ എൻക്വയറിക്ക് (നം.18/29.06.2023) മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നം. | ഇനം | ചെലവ് വിവരം | അപാകതകൾ |
|---|---|---|---|
| 1. | ഐ.കെ.എം. ന് വരിസംഖ്യ നല്കിയത്. പ്രോജക്റ്റ് നം.76/22-23 വികസനഫണ്ട് | അടങ്കൽ – ₹44100/- 44100/-ബിൽ<br>നംപർ18300466960, 31.8.2022 | വിനിയോഗസാക്ഷ്യപത്രം ഇല്ല |
| 2. | ഐ.റ്റി.ഹബ് ഇൻസ്ട്രക്ടറിന് വേതനം നല്കിയത്. തനതുഫണ്ട് | ₹10000/- ചെക്ക് നംപർ 4924127, 30.05.2022 | ഐ.റ്റി.ഹബ് പ്രവർത്തിക്കുന്നില്ല |
| 3. | വാട്ടർ ഫിൽട്ടർ സ്ഥാപിച്ചത്. തനതുഫണ്ട് | ₹27568/- ചെക്ക് നംപർ 4924128, | ക്വട്ടേഷൻ ക്ഷണിച്ചതായി കാണുന്നില്ല. |

| | | | |
|---|---|---|---|
| | | 31.05.2022 | |
| 4. | വാഹനത്തിന്റെ റിപ്പയറിംഗ്. തനതുഫണ്ട് | ₹8435/- ചെക്ക് നം.6946533, 18.11.2022 | ക്വട്ടേഷൻ ക്ഷണിച്ചതായി കാണുന്നില്ല. |
| | ആകെ | ₹90,103/- | |

വിശദീകരണം ലഭ്യമാക്കേണ്ടതും അപാകതകൾ പരിഹരിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതുമാണ്.

## 1-23 ദുരന്തനിവാരണ സേന രൂപീകരണം - അപാകതകൾ

| | |
|---|---|
| പ്രൊജക്ട് | ദുരന്തനിവാരണ സേന രൂപീകരണം- 15/22-23 |
| നിർവഹണം | സെക്രട്ടറി |
| അടങ്കൽ | ₹4,44,800/- |
| ചെലവ് | ₹2,09,184/- |
| ബിൽ നംപർ | 12/22-23 |
| ഫണ്ടിനം | ധനകാര്യകമ്മീഷൻ ഗ്രാന്റ് |

പദ്ധതി പ്രകാരം സെക്രട്ടറി 36 പേരുടെ ഒരു കർമ്മ സേന രൂപീകരിക്കുകയും അവർക്കാവശ്യമായ പരിശീലനം നല്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയിൽ ദുരന്തനിവാരണ വുമായി ബന്ധപ്പെട്ട ഹെൽമറ്റ്, ടോർച്ച്, ബൂട്ട്സ് മുതലായ സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. ആയവ പഞ്ചായത്തിൽ സ്റ്റോക്കിലെടുത്ത് ആവശ്യസമയങ്ങളിൽ വിതരണം ചെയ്യുന്നതിനു പകരം ഇത്തരത്തിൽ പരിശീലനം നേടിയവർക്ക് വാങ്ങി വിതരണം ചെയ്തതായി കാണുന്നു. ബ്ലോക്ക് പഞ്ചായത്തിൽ ആയവ സ്റ്റോക്കിൽ സൂക്ഷിച്ച് അവശ്യസമയങ്ങളിൽ ഉപയുക്തമാക്കുകയായിരുന്നു ഉചിതം. ആവശ്യസമയങ്ങളിൽ ഇവ ഉപയുക്തമാക്കുന്നതിന് എപ്രകാരം സാധ്യമാകും എന്ന വിഷയം സംബന്ധിച്ച് വിശദീകരണം ആരാഞ്ഞ് നൽകി ഓഡിറ്റ് എൻക്വയറി നം.16 ന് മറുപടി ലഭ്യമാക്കിയില്ല.

ഓഡിറ്റ് നിർദ്ദേശം – പരിശീലനം ലഭ്യമാക്കിയവർക്ക് ഉപകരണങ്ങൾ അനുവദിക്കുമ്പോൾ ഉപയോഗശേഷം തിരികെ ലഭ്യമാക്കുന്നതിനുള്ള സമ്മതപത്രം വാങ്ങി സൂക്ഷിക്കേണ്ടതാണ്.

## 1-24 ഇ-ടെണ്ടർ ഫീസ് - തുക ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്തിട്ടില്ല

ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയർ /അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കുന്ന ഇ-ടെണ്ടർ മുഖേനയുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തുക ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമാകുന്നില്ല. ഇ ടെണ്ടർ ഫീസ് തുക ക്രെഡിറ്റ് ചെയ്യുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ പേരിൽ/എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലോ വരവ് വന്നിട്ടുള്ള തുകകൾ ബ്ലോക്ക് പഞ്ചായത്ത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്തതിന് വിശദികരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.9/26.6.23) മറുപടി ലഭ്യമാക്കിയിട്ടില്ല.

നാളിതുവരെ പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമാകേണ്ട ഈ ടെണ്ടർ ഫീ ഇനത്തിലുള്ള തുക ഓരോ വർഷവും എത്ര തുക ക്രെഡിറ്റ് ചെയ്തു, എത്ര തുക തിരികെ ലഭ്യമാക്കി എന്നുള്ള വിവരങ്ങൾ പ്രതിമാസ/വർഷ കളക്ഷൻ റിപ്പോർട്ടുകൾ സഹിതം പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തി വർഷം തിരിച്ചുള്ള വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതും തുക ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-25 ബിറ്റുമിൻ കാലി ബാരൽ വില തനത് ഫണ്ടിൽ അടവാക്കുന്നു

ബ്ലോക്ക് പഞ്ചായത്ത് തൻവർഷം നടപ്പാക്കിയിട്ടുള്ള റോഡ് പ്രവൃത്തികളിൽ നിന്നുള്ള ബിറ്റുമിൻ ബാരൽ വില അസി.എഞ്ചിനിയർ ബില്ലിൽ നിന്നും കുറവ് ചെയ്ത് സെക്രട്ടറിയുടെ പേരിലുള്ള ടി.എസ്.ബി. അക്കൗണ്ടിലേയ്ക്കാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്.

ഇത് ക്രമപ്രകാരമല്ല. ടി ഇനത്തിലുള്ള തുകകൾ ഏതു ഫണ്ടുപയോഗിച്ചാണോ പ്രവൃത്തി ചെയ്തത് ആ ഫണ്ടിലേയ്ക്കും, ജി.എസ്.ടി. തുക ബന്ധപ്പെട്ട ഹെഡിലേയ്ക്കും തിരിച്ചടയ്ക്കേണ്ടതാണ്.

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം പേര് | കാലി ബാരലിന്റെ വില (₹) | ഫണ്ടിനം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 4/23 | 5620 | സി എഫ് സി |
| 2 | 48/23 | 5900 | വികസനഫണ്ട്- ജനറൽ |
| 3 | 59/23 | 4130 | വികസനഫണ്ട്- എസ് സി പി |
| 4 | 123/23 | 6128 | വികസനഫണ്ട്- ജനറൽ |

ടി ഇനത്തിലുള്ള തുകകൾ ബന്ധപ്പെട്ട ഹെഡിലേയ്ക്ക് അടവാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ സഹിതം അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10/26.6.23) മറുപടി ലഭ്യമാക്കിയില്ല. അപാകത പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് ഈ തുകകൾ ബന്ധപ്പെട്ട ഫണ്ടിൽ ഒടുക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-26 ലിഫ്റ്റ് ഇറേഗഷൻ പദ്ധതി അപാകതകൾ

ഓരോ വർഷവും വലിയ തുകയാണ് ലിഫ്റ്റ് ഇറിഗഷൻ പദ്ധതികൾക്കും അതിന്റെ എക്സ്റ്റൻഷനമായി ചെലവാക്കുന്നത്. ഏത് മാനദണ്ഡപ്രകാരമാണ് അഥവാ ആരുടെ ആവശ്യപ്രകാരമാണ് ഈ പദ്ധതികൾ വിഭാവനം ചെയ്തിട്ടുള്ളത് എന്നത് വ്യക്തമല്ല. ബ്ലോക്ക്പഞ്ചായത്ത് പരിധിയിലുള്ള വിവിധ പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന ഇത്തരം പദ്ധതികളിൽ പഞ്ചായത്തുകളിൽ നിന്നോ ജനങ്ങളിൽനിന്നോ ഇത്തരം ആവശ്യം രേഖപ്പെടുത്തിയതായി ഫയലിൽ കാണുന്നില്ല.

പദ്ധതി പ്രകാരം പൈപ്പ് സ്ഥാപിക്കുന്ന കൃത്യമായസ്ഥലം എതാണ് എന്നോ ഏത് റോഡിൽ അഥവാ ആരുടെ സ്ഥലത്താണ് എന്നോ പദ്ധതിയുടെ ഗുണഭോക്താക്കളുടെ വിവരങ്ങളോ ലഭ്യമല്ല. വർഷങ്ങളായി ഇത്തരം പദ്ധതികൾ എറ്റെടുത്തു നടപ്പിലാക്കുന്നുണ്ടെങ്കിലും ഇതുവരെ നടപ്പിലാക്കിയ പദ്ധതികളുടെ കൃത്യമായ വിവരങ്ങൾ ലഭ്യമല്ല. പഞ്ചായത്തുകളുടെ സമ്മതപ്രകാരം ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കുന്നതാണ് ഈ പദ്ധതികൾ എങ്കിലും ഈ പ്രവൃത്തി പഞ്ചായത്തിന്റെ ആസ്തിയായി ചേർക്കുന്നതായി കാണുന്നില്ല. കൂടാതെ ഇത്തരം പദ്ധതികൾ ഗ്രാമപഞ്ചായത്തും ജില്ലാ പഞ്ചായത്തും നടപ്പിലാക്കുന്നുണ്ട് എന്നതിനാൽ പ്രവൃത്തികളിൽ ഇരട്ടിപ്പ് നടക്കുന്നുണ്ടോ എന്നും പരിശോധിക്കുവാൻ സാധിക്കുന്നില്ല. ആയതിനാൽ ഓരോ വർഷവും ഏറ്റെടുത്ത് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്ന എങ്കിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13/26.6.23) മറുപടി ലഭ്യമാക്കിയില്ല.

തൻവർഷം നടപ്പിലാക്കിയ ഇത്തരം പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി നം | പേര് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|---|
| 1 | 29/23 | മാലായിക്കുന്ന് എൽ ഐ പൂർത്തീകരണം | 139187 | 64737 |
| 2 | 30/23 | കുറിന്തിലത്തോട് ചിറ എൽ ഐ സ്കീം ഇലക്ട്രിഫിക്കേഷനും പൂർത്തീകരണവും | 231867 | 227216 |
| 3 | 41/23 | കുറിന്തിലത്തോട് ചിറ എൽ ഐ സ്കീം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 402317 | 402317 |
| 4 | 42/23 | ആണെക്കാട് എൽ ഐ സ്കീം മേട്ടോർ കണക്ഷൻ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 409039 | 409039 |
| 5 | 43/23 | എളവൂർ പുളിയനം എൽ ഐ സ്കീം എക്സ്റ്റൻഷൻ | 500000 | 423899 |
| 6 | 90/23 | ജീവൻധാര എൽ ഐ പൂർത്തീകരണം | 47554 | 47554 |
| 7 | 139/23 | മേതൻതുരുത്ത് എൽ ഐ സ്കീം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 768400 | 585964 |

വിവിധ വർഷങ്ങളിൽ ഒന്നിൽകൂടുതൽ വർഷങ്ങളെടുത്ത് പൂർത്തിയാക്കുന്ന ഇത്തരം പദ്ധതികളുടെ വിശദാംശങ്ങൾ നാളിതുവരെയുള്ള അതത് പദ്ധതികളുടെ ചെലവ് വിവരങ്ങൾ ലഭ്യമാകും വിധം രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും പദ്ധതി വിഭാവനത്തിലും പദ്ധതി നടത്തിപ്പിലും കൃത്യമായ മാനദണ്ഡങ്ങൾ ഉറപ്പുവരുത്തി അറിയിക്കേണ്ടതുമാണ്.

## 1-27 മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ

ബ്ലോക്ക് പഞ്ചായത്ത് അസി.എഞ്ചിനിയർ/അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായി 2022-23 വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ

നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും ന്യൂനതകൾ ഉണ്ടായിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

(1) ടെണ്ടർ രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ടെണ്ടർ രജിസ്റ്ററിൽ താഴെ പറയുന്ന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

(I) ടെണ്ടർ തുറക്കുന്ന അവസരത്തിൽ സന്നിഹിതരായിട്ടുള്ള കരാറുകാരുടെ ഒപ്പ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

(Ii) ഇ.എം.ഡി. തുക, രസീത് നമ്പർ, തീയതി എന്നിവ രേഖപ്പെടുത്തുന്നില്ല.

(Iii) ടെണ്ടർ അംഗീകരിച്ച കമ്മിറ്റി തീരുമാന വിവരം രേഖപ്പെടുത്തുന്നില്ല.

(2) കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ചമയ്ക്കുന്ന കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ലാതാകുന്നു.പുതുക്കിയ പി.ഡബ്യു.ഡി മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാറുകൾ തയ്യാറാക്കേണ്ടതാണ്.

(3) നിശ്ചിത മാതൃകയിലുള്ള (ടി.ആർ.7എ) ക്യാഷ് ബുക്ക് രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/26.06.23) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നം/തീയതി |
|---|---|---|
| 2022-23 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്. ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. | | |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | തൻവർഷം ലഭിച്ച തുക (₹) | പ്രൊജക്ടിന്റെ പേര് | 2021-22 ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2022-23 | 26,11,000 | 78/23 പി.എം.എ.വൈ ലൈഫ് ഭവന പദ്ധതി -ജനറൽ | 8,82,000 | 0 |
| | | | 79/23 പി.എം.എ.വൈ ലൈഫ് ഭവന പദ്ധതി -എസ് സി | 1,26,000 | 0 |
| | | | 112/23 പി.എം.എ.വൈ -ജനറൽ | 7,84,000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | 114/23 പി.എം.എ.വൈ-എസ് സി | 8,19,000 | 0 |
| | ആകെ | 26,11,000 | | 26,11,000 | 0 |
| ഗ്രാമ പഞ്ചായത്ത് | | 11,70,000 | 112/23 പി.എം.എ.വൈ -ജനറൽ | 6,30,000 | 0 |
| | | | 114/23 പി.എം.എ.വൈ-എസ്.സി | 5,40,000 | 0 |
| | ആകെ | 11,70,000 | | 11,70,000 | 0 |

1)Contribution For Joint Venture From Village Panchayatഎന്ന അക്കൌണ്ട് ഹെഡിൽ (320700203 ) വരവ് വന്ന ₹292401/- യുടെ ചെലവ് വിവരം ലഭ്യമാക്കേണ്ടതാണ്.

2)മുൻവർഷങ്ങളിൽ സംയുക്ത പ്രൊജക്ടുകൾക്കായി ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭിച്ച തുകയിൽ ₹56,000/- സർക്കാർ റിക്കപ്പ് ചെയ്തതായി അറിയിച്ചു.

## 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

തൻവർഷം ഡെപ്പോസിറ്റ് വർക്കിന് തുക നൽകിയിട്ടില്ല.
മുൻ വർഷം കേരള വാട്ടർ അതോറിറ്റിക്ക് നൽകിയ ₹400000/- തൻവർഷം അക്കൌണ്ടിൽ ചേർത്തിട്ടുണ്ട്. ഇതു കൂടാതെ മുൻ വർഷം കേരള വാട്ടർ അതോറിറ്റിക്ക് നൽകിയ ₹291000/-, ₹500000/- അക്കൗണ്ടിൽ ചേർത്തതായി കാണുന്നില്ല. ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹ 7,51,15,699 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹ 7,25,07,974 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹ 22,80,400 |

(ബി). ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം
ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 4,671 | ഡോ.പുഷ്പ.വി.വി, മെഡിക്കൽ ഓഫീസർ സി.എച്ച്.സി ചെങ്ങമനാട് |
| 1-14 | 11,846 | ഡോ.പുഷ്പ.വി.വി, മെഡിക്കൽ ഓഫീസർ സി.എച്ച്.സി ചെങ്ങമനാട് |
| 1-15 | 4,90,984 | ഡോ.പുഷ്പ.വി.വി, മെഡിക്കൽ ഓഫീസർ സി.എച്ച്.സി ചെങ്ങമനാട് |
| 1-16 | 1,960 | ഡോ.പുഷ്പ.വി.വി, മെഡിക്കൽ ഓഫീസർ സി.എച്ച്.സി ചെങ്ങമനാട് |
| 1- 17 | 5,95,275 | ശ്രീമതി.പുഷ്യ രാജൻ, അസിസ്റ്റന്റ് കൃഷി ഡയറക്ടർ |
| 1- 18 | 5,04,450 | ശ്രീമതി.പുഷ്യ രാജൻ, അസിസ്റ്റന്റ് കൃഷി ഡയറക്ടർ |
| 1-19 | 50,000 | ശ്രീ. കെ.രാജേന്ദ്രപ്രസാദ് അസിസ്റ്റന്റ് കൃഷി ഡയറക്ടർ |
| | 37,000 | ശ്രീമതി.പുഷ്യ രാജൻ, അസിസ്റ്റന്റ് കൃഷി ഡയറക്ടർ |
| 1-21 | 4,94,111 | ശ്രീമതി.സാജിത.ടി.എസ്, സെക്രട്ടറി |
| 1-22 (2)<br>1-22 (3) | 10,000<br>27,568 | ശ്രീ.കെ.കെ.ശങ്കരൻകുട്ടി, സെക്രട്ടറി |
| 1-22 (1)<br>1-22 (4) | 44,100<br>8,435 | ശ്രീമതി.സാജിത.ടി.എസ്, സെക്രട്ടറി |
| ആകെ | 22,80,400 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം
ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.പുഷ്യ രാജൻ, അസിസ്റ്റന്റ് കൃഷി ഡയറക്ടർ | അസിസ്റ്റന്റ് കൃഷി ഡയറക്ടർ, പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത് | 3/544, ഷിഹാബ് തങ്ങൾ ലൈൻ, അമൃത ഫ്യവൽസിന് എതിർവശം, തൈക്കാവ്, ചേരാനെല്ലൂർ, എറണാകുളം |
| ശ്രീ. കെ.രാജേന്ദ്ര പ്രസാദ്, കൃഷി അസിസ്റ്റന്റ് ഡയറക്ടർ | വിരമിച്ചു | സന്തോഷ് നിലയം, മറ്റം, നോർത്ത് തട്ടാരമ്പലം പി.ഒ. 690103 |
| ഡോ.പുഷ്പ.വി.വി, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി ചെങ്ങമനാട് | കാളിപറമ്പിൽ വീട്. മഞ്ഞപ്ര പി.ഓ എറണാകുളം |
| ശ്രീ.കെ.കെ.ശങ്കരൻകുട്ടി, സെക്രട്ടറി | വിരമിച്ചു | വടശ്ശേരി വീട്, ഐ.ക്യൂ റോഡ്, ചാലക്കുടി.പി.ഓ തൃശ്ശൂർ |

| | | |
|---|---|---|
| ശ്രീമതി.സാജിത.ടി.എസ്, സെക്രട്ടറി | വിരമിച്ച | തൊട്ടിപറമ്പിൽ ഹൌസ്, യു.സി കോളേജ്.പി.ഒ, കനാൽ റോഡ്, ആലുവ – 683102 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച റിപ്പോർട്ടിന്റെ/ ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1999-2000 മുതൽ 2012-2013 വരെ | കെ.എസ്.എ-ഇ.കെ.എം (ബി.പി)1305/19 തീയതി 20.09.2019 |
| 2013-14 & 2014-15 | കെ.എസ്.എ-ഇ.കെ.എം (ബി.പി)1305/19 തീയതി 20.09.2019 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം (ബി.പി)1305/19 തീയതി 20.09.2019 |
| 2016-17 | കെ.എസ്.എ-ഇ.കെ.എം (ബി.പി)1305/19 തീയതി 20.09.2019 |
| 2017-18 | കെ.എസ്.എ-ഇ.കെ.എം.(ബി.പി.2)287/2019 തീയതി 12.07.19 |
| 2018-19 | കെ.എസ്.എ-ഇ.കെ.എം.(ബി.പി)1592/2019 തീയതി 16.10.19 |
| 2019-20 | കെ.എസ്.എ-ഇ.കെ.എം.(ബി.പി)367/2022 തീയതി 28.6.22 |
| 2020-21 | കെ.എസ്.എ-ഇ.കെ.എം(ബിപി)462/22 തീയതി 28/6/22 |
| 2021-22 | കെ.എസ്.എ-ഇ.കെ.എം(ബിപി)333/23 തീയതി24.04.2023 |

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 3(1) dated 31-05-2023 and submitted on 07-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Parakadavu Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Parakadavu Block Panchayat for the year 2022-2023

Date: 30/09/2023

Joint Director
District Office Ernakulam
Kerala State Audit Department

## Audit Report appended to the Audit Certificate of Parakadavu Block Panchayat for the Year 2022-2023.

**1.Major Observations**

1. Lack of free and independent access to Accounting and all other Softwares which have direct or indirect impact on financial reports and information

2. Lack of Panchayath Raj Budget rules adversely affecting budgetary control system.

3.The Asset value shown in Balance sheet is not traceable to Asset Register due to unsupported design of existing asset register.

4. Non inclusion of *Notes to accounts* in Financial statements and non disclosure of material facts.

5.Generation of financial reports showing contradictory information due to non integration of Accounting

software with other related softwares.

**2.Other Observations**

1.Non inclusion of ratios And Noets to accounts. B1 Schedule not attached.

2. Cash Flow statement -Net increase/decrease in cash flow does not match with difference between opening balance and closing balance of cash and cash equivalents.

3.Trial Balance Statement discrepencies-CB represent debit and credit balance on same accounting heads.

4. Expenditure details of Account head 311100199 not produced for verification.

5. Details of Liability under the account head 350100501 not produced for verification.

6. Capital work in progress- transfer to other accounts details not provided.

7. Advance Register are not properly maintained.

8. Deposit register properly maintained.

9. CFC fund closing balance does not match with the bank account balance.

10.The details of deprciation written back is not produced for verfication.

11. Value of vehicle purchased is included as Asset in AFS.

12. Acrual Income E-Tender form fee not included in AFS.

13. Asset register not updated.

14. Details of amount adjusted through Prior period items (I-18) not produced.

Joint Director
District Audit Office, Ernakulam
Kerala State Audit Department

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്